I ഇ.ബി. XIII-കേരള നിയമസഭ/XIV-13

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ജൂലൈ 20, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## അടിയന്തരപ്രമേയം

### വാർഡ് വിഭജനത്തിലെ അശാസ്ത്രീയത

മി. സ്പീക്കർ: ജനസംഖ്യ, ഭൂവിസ്തൃതി, അതിർത്തി തുടങ്ങിയ ഭൂമിശാസ്ത്രപരമായ സവിശേഷതകളോ വികസന പ്രവർത്തന സാദ്ധ്യതകളോ സാമൂഹ്യ സാഹചര്യങ്ങളോ പരിഗണിക്കാതെ രാഷ്ട്രീയ ലക്ഷ്യം മാത്രം വച്ച് യാതൊരു തത്വദീക്ഷയുമില്ലാതെ, തദ്ദേശസ്ഥാപനങ്ങളെ വെട്ടിമുറിക്കുകയും സംയോജിപ്പിക്കുകയും വാർഡ് പുനർവിഭജനം നടത്തുകയും പുതിയവ രൂപീകരിക്കുകയും ചെയ്തിരിക്കുന്നതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള

സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. ടി. എം. തോമസ് ഐസക്, സർവ്വശ്രീ വി. എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): 1994-ലെ കേരള പഞ്ചായത്തീരാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ സെക്ഷൻ (4) പ്രകാരവും സർക്കാരിൽ നിക്ഷിപ്തമായ അധികാരവും വിനിയോഗിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, ചീഫ് ടൗൺ പ്ലാനർ എന്നിവർ അംഗങ്ങളായി രൂപീകരിച്ച കമ്മിറ്റി സർക്കാരിലേയ്ക്ക് 06-08-2014-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെയും പുതിയ പഞ്ചായത്തുകളുടേയും നഗരസഭകളുടെയും രൂപീകരണവുമായി ബന്ധപ്പെട്ട് ലഭിച്ച നിവേദനങ്ങളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി എടുത്തിട്ടുള്ള തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പരിഷ്കരിച്ച ശിപാർശകൾ അടിയന്തരമായി സമർപ്പിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. കമ്മിറ്റി നിരവധി സിറ്റിംഗുകൾ നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായിട്ടാണ് വാർഡ് വിഭജന നടപടികളുമായി മുന്നോട്ടുപോയിട്ടുള്ളത്. ഡീലിമിറ്റേഷൻ കമ്മിറ്റിയിൽ ലഭിക്കുന്ന

പരാതികളുടെ അടിസ്ഥാനത്തിൽ കമ്മിറ്റിയുടെ ശിപാർശയുനുസരിച്ച് ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തി വാർഡ് വിഭജനം നടത്തുന്നതായിരിക്കും. 2011-ലെ സെൻസസ് പ്രകാരം അശാസ്ത്രീയത നിലനിന്നിരുന്ന സ്ഥലങ്ങളിൽപോലും ജനസംഖ്യാനുപാതികമായിട്ടാണ് വാർഡ് വിഭജനം നടത്തിയിട്ടുള്ളത്.

ഡോ. ടി. എം. തോമസ് ഐസക്: വാർഡ് വിഭജനം ശാസ്ത്രീയമായിട്ടാണ് നടത്തിയതെന്ന ഗവൺമെന്റിന്റെ അവകാശവാദം വസ്തുതാവിരുദ്ധമാണ്. രാഷ്ട്രീയ ലക്ഷ്യത്തോടെ തദ്ദേശസ്ഥാപനങ്ങളെ വെട്ടിമുറിക്കുകയും സംയോജിപ്പിക്കുകയും വാർഡ് പുനർവിഭജനം നടത്തുകയും പുതിയവ രൂപീകരിക്കുകയുമാണ് ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളത്. മണ്ഡലാടിസ്ഥാനത്തിൽ ബ്ലോക്കുകളെ വിഭജിക്കുമെന്ന് ഉറപ്പുനൽകിയത് ബ്ലോക്കുകളെ വെട്ടിമുറിക്കുന്നതിനുള്ള കുടിലബുദ്ധിയുടെ ഭാഗമായിട്ടാണ്. നിയമസഭാമണ്ഡലങ്ങളെ അടിസ്ഥാനമാക്കിയാകും ബ്ലോക്ക് പഞ്ചായത്തുകൾ പുനർനിർണ്ണയിക്കുക എന്ന് നിയമസഭയിൽ നൽകിയ ഉറപ്പിന് വിരുദ്ധമായിട്ടാണ് ഇപ്പോൾ പ്രവർത്തിച്ചിട്ടുള്ളത്. മൂന്ന് പഞ്ചായത്തുകൾക്ക് ഒരു ബ്ലോക്ക് എന്ന നില മുതൽ 12 പഞ്ചായത്തുകൾക്ക് ഒരു ബ്ലോക്ക് എന്ന നിലയിലും ബ്ലോക്കുകളെ അശാസ്ത്രീയമായി പുനർനിർണ്ണയിച്ചിരിക്കുകയാണ്. പല പഞ്ചായത്തുകളും മണ്ഡലാടിസ്ഥാനത്തിൽ വാർഡ് വിഭജനം നടത്തുന്നതിനെ എതിർക്കുകയും പ്രമേയം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. മണ്ഡലത്തിലെ വിവിധ

പ്രദേശങ്ങൾ എടുത്തുമാറ്റിയതുമൂലം ബ്ലോക്കുകളുടെ ഭൂമിശാസ്ത്രപരമായ ആകൃതി മാറുകയും ബ്ലോക്ക് ആസ്ഥാനത്തേയ്ക്ക് ജനങ്ങൾക്ക് എത്തിപ്പെടാനുള്ള ദൂരം ഗണ്യമായി വർദ്ധിക്കുകയും ചെയ്തു. ജനസംഖ്യ, ഭൂവിസ്തൃതി, അതിർത്തി തുടങ്ങിയ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കണക്കിലെടുക്കാതെ ജനാധിപത്യ മൂല്യങ്ങളും നിയമവ്യവസ്ഥകളും കാറ്റിൽ പറത്തിയിരിക്കുകയാണ്. കോഴിക്കോട് കോർപ്പറേഷനെയും തിരുവനന്തപുരം കോർപ്പറേഷനേയും വിഭജിച്ച് മുനിസിപ്പാലിറ്റികൾ രൂപീകരിച്ചതുകൊണ്ട് അവയ്ക്ക് മെട്രോപൊളിറ്റൻ സിറ്റികൾക്ക് ലഭിക്കുന്ന കേന്ദ്ര സഹായ പദ്ധതികളൊന്നും ലഭിക്കില്ല. സാമുദായിക പരിഗണന വച്ചുകൊണ്ട് വാർഡുകൾ വിഭജിച്ചിരിക്കുന്നത് വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കുമെന്നതുകൊണ്ട് അത് അവസാനിപ്പിക്കണം. ഗൗരവമായ ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ ബ്ലോക്ക്പഞ്ചായത്ത് വിഭജനം അവസാനിപ്പിച്ച് നിലവിലുള്ള ബ്ലോക്കുകൾ നിലനിർത്തണം. ഇതു സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): ജനാധിപത്യ വ്യവസ്ഥയിലുള്ള യാതൊരു നടപടിക്രമത്തിലും ആക്ഷേപം ഉന്നയിക്കാതെ ചേരിതിരിവിന്റെ അടിസ്ഥാനത്തിൽ ആരോപണമുന്നയിച്ച് നാട്ടിൽ നിലനിൽക്കുന്ന സാമുദായിക സന്തുലിതാവസ്ഥ തകർക്കാനാണ് പ്രതിപക്ഷം

ശ്രമിക്കുന്നത്. കോടതിയിലിരിക്കുന്ന 69 കേസുകളിൽ ഒന്നുപോലും സാമുദായികമായി വാർഡ് വിഭജിച്ചിരിക്കുന്നുവെന്ന് പറഞ്ഞ് വന്നിട്ടില്ല. പുതിയ പഞ്ചായത്തുകൾ വേണ്ടയിടങ്ങളിൽ മാത്രമേ വാർഡ് വിഭജനം നടത്തിയിട്ടുള്ളൂ. പല സ്ഥലങ്ങളിലും അശാസ്ത്രീയമായ വാർഡ് വിഭജനം നടന്നിരുന്നതിനെ ശാസ്ത്രീയമാക്കുകയും നിയമസഭയിൽ വന്ന സബ്മിഷനുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ രൂപീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. തെരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ച ഡീലിമിറ്റേഷൻ കമ്മിറ്റിയാണ് വാർഡ് വിഭജനം നടത്തുന്നത്. ഡീലിമിറ്റേഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് വന്നതിനുശേഷമേ അന്തിമ തീരുമാനമുണ്ടാവുകയുള്ളൂ. ഇതിന്മേൽ പരാതി കിട്ടിയാൽ അക്കാര്യം പരിശോധിച്ച് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. ഇതിനെ സാമുദായിക-രാഷ്ട്രീയ ഇടപാടുകളാക്കി മാറ്റാനുള്ള ശ്രമം അങ്ങേയറ്റം അപലപനീയമാണ്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ബ്ലോക്ക് വിഭജനം നടത്തുന്നത്. കഴക്കൂട്ടം, വട്ടിയൂർക്കാവ്, തിരുവനന്തപുരം, നേമം, തൃക്കാക്കര, തൃശ്ശൂർ, കോഴിക്കോട് നോർത്ത്, കോഴിക്കോട് സൗത്ത് എന്നീ

അസംബ്ലി മണ്ഡലങ്ങൾ പൂർണ്ണമായും മുനിസിപ്പൽ അതിർത്തിയിലായതിനാൽ ബ്ലോക്കിന്റെ ആവശ്യമില്ല. 132 അസംബ്ലി മണ്ഡലങ്ങളും 152 ബ്ലോക്കുകളും നിലവിലുള്ളപ്പോൾ ഒരു നിയോജകമണ്ഡലത്തിൽ നാലിൽ കൂടുതൽ ബ്ലോക്കുകൾ ഉണ്ടാകാൻ പാടില്ലെന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പുന:സംഘടനാ നടപടികൾ ആരംഭിച്ചിട്ടുള്ളത്. ബ്ലോക്ക് പുന:സംഘടന സംബന്ധിച്ച് പരാതിയുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ബ്ലോക്ക് പുനർവിഭജനത്തിൽ ഒരു ജില്ലയോടും വിവേചനമോ അവഗണനയോ കാണിച്ചിട്ടില്ല. മലപ്പുറം ജില്ലയിൽ അസംബ്ലി നിയോജകമണ്ഡലങ്ങൾ കൂടുതലുള്ള സാഹചര്യത്തിലാണ് ബ്ലോക്കുകളുടെ എണ്ണം വർദ്ധിപ്പിച്ചത്. രാഷ്ട്രീയ പ്രചരണത്തിനുവേണ്ടി മാർക്സിസ്റ്റ് പാർട്ടി സ്വീകരിച്ചിട്ടുള്ള വിനാശകരമായ നിലപാടിൽ മാറ്റം വരുത്തണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): കോഴിക്കോട് കോർപ്പറേഷനോട് കൂട്ടിച്ചേർത്തിരുന്ന ചെറുവണ്ണൂർ, നല്ലളം, ബേപ്പൂർ, ഏലത്തൂർ പഞ്ചായത്തുകളെയും തിരുവനന്തപുരം കോർപ്പറേഷനോട് കൂട്ടിച്ചേർത്തിരുന്ന ശ്രീകാര്യം, ആറ്റിപ്ര, കഴക്കൂട്ടം പഞ്ചായത്തുകളെയും ഡീലിങ്ക് ചെയ്ത് പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. നിയമവിരുദ്ധമായ യാതൊരു നടപടിയും ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടില്ല. ജനങ്ങളിൽ നിന്നും നിവേദനങ്ങളും

പരാതികളും ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് കൊല്ലം കോർപ്പറേഷനോടൊപ്പം തൃക്കടവൂർ പഞ്ചായത്തിനെ കൂട്ടിച്ചേർത്തത്. പഞ്ചായത്താക്കാൻ സാധിക്കില്ല. ഒരു സ്ഥലത്തെ മെട്രോപൊളിറ്റൻ സിറ്റിയാക്കുന്നതിന് 10 ലക്ഷത്തോളം ജനസംഖ്യ വേണം. ബ്ലോക്കുകളിൽ വരുത്തുന്ന മാറ്റം കേന്ദ്ര സർക്കാരിന്റെ സഹായങ്ങൾ കുറയാൻ കാരണമാകില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ജനങ്ങളിൽ നിന്നുള്ള പരാതികളും സഭയിൽ പറഞ്ഞ പരാതികളും പരിശോധിച്ച് വാർഡ് വിഭജന കാര്യത്തിൽ അപാകതകളുണ്ടെങ്കിൽ പരിഹരിക്കുന്നതാണ്. 152 ബ്ലോക്കുകൾ ഉള്ളതിൽ 70 നിയോജക മണ്ഡലങ്ങളിൽ ഓരോന്നും ചിലതിൽ രണ്ടും ചുരുക്കം ചിലതിൽ മൂന്നും ബ്ലോക്കുകൾ വരുന്ന സ്ഥിതിയിലുള്ള പുനഃസംഘടനയാണ് തീരുമാനിച്ചിരിക്കുന്നത്. ഇലക്ഷൻ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കേന്ദ്ര ഡീലിമിറ്റേഷൻ കമ്മിഷനാണ് ജനസംഖ്യയുടെ അടിസ്ഥാനത്തിലും എല്ലാവരുടെയും അഭിപ്രായങ്ങൾ കേട്ടതിനുശേഷവും വാർഡ് വിഭജനം നടത്തുന്നത്. മലപ്പുറത്ത് 4 അസംബ്ലി നിയോജകമണ്ഡലങ്ങൾ വന്നതുകൊണ്ടാണ് രണ്ട് അധിക ബ്ലോക്കുകൾ അനുവദിക്കേണ്ടി വന്നത്. വാർഡ് വിഭജനത്തിന്റെ പേരിലും ബ്ലോക്ക് വിഭജനത്തിന്റെ പേരിലും വിഭാഗീയ ചിന്താഗതിയുണ്ടാക്കുന്നത് ശരിയായ

നടപടിയല്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ നിയമനവും പെൻഷൻപ്രായ വർദ്ധനവിലെ ആശങ്കയും

ശ്രീ. റ്റി. വി. രാജേഷ്: സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകൾ ഉൾപ്പെടെയുള്ള നിയമനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളും പി.എസ്.സി. മുഖേന നടത്തുന്നതിനും സർക്കാർ ജീവനക്കാരുടെ പെൻഷൻപ്രായം ഉയർത്തണമെന്ന ശമ്പളകമ്മീഷന്റെ ശിപാർശ തള്ളിക്കളയുന്നതിനും നിയമനങ്ങൾ സുഗമമാക്കുന്നതിനായി പബ്ലിക് സർവ്വീസ് കമ്മീഷന് കൂടുതൽ തസ്തികകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർവ്വകലാശാലകളിലെ അനദ്ധ്യാപക

തസ്തികകളിലേയ്ക്കുള്ള നിയമനം പി.എസ്.സി. മുഖേന നടപ്പാക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് തീരുമാനമെടുത്തിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കാവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പെൻഷൻപ്രായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ശമ്പളകമ്മീഷന്റെ ശിപാർശയിന്മേൽ ഗവൺമെന്റ് തീരുമാനമൊന്നും എടുത്തിട്ടില്ല. ശമ്പളകമ്മീഷൻ ശിപാർശകൾ അംഗീകരിക്കുന്ന അവസരത്തിലാണ് ഈ പ്രശ്നം ചർച്ചയ്ക്ക് വരുന്നത്. പി.എസ്.സി.-യിൽ പൂർണ്ണമായും കമ്പ്യൂട്ടർവത്കരണം നടപ്പാക്കിയിരിക്കുന്ന സാഹചര്യം കൂടി പരിഗണിച്ച് കൂടുതൽ തസ്തികകൾ അനുവദിക്കുന്ന കാര്യം ചർച്ച ചെയ്യുന്നതാണ്.

## സബ്മിഷൻ

### (1) എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): കാസർകോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആശ്വാസകരമായ നടപടികൾ സ്വീകരിച്ചുവരികയാണ്. എല്ലാമാസവും കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേരുകയും നടപ്പാക്കുന്ന പദ്ധതികളിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. എൻഡോസൾഫാൻ നിർവീര്യമാക്കുന്നതിനും ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനും ദുരിതബാധിതർക്ക് ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിനും കിടപ്പിലായവരെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്നതിനും പുനരധിവാസ വില്ലേജ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## (2) വിഷമയമല്ലാത്ത മത്സ്യത്തിന്റെ ലഭ്യത

ശ്രീ. വി. പി. സജീന്ദ്രൻ: മത്സ്യം കേടുവരാതിരിക്കാൻ മാരകരാസവസ്തുക്കൾ ഉപയോഗിക്കുന്നത് തടയുന്നതിനും മത്സ്യമാർക്കറ്റുകളിൽ വിഷമയമല്ലാത്ത മത്സ്യത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): മത്സ്യങ്ങൾ കേടുവരാതെ സൂക്ഷിക്കുന്നതിന് ആരോഗ്യത്തിന് ഹാനികരമായ

മാരകരാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും മത്സ്യത്തിന്റെയും മത്സ്യോൽപ്പന്നങ്ങളുടെയും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും നിലവിലുള്ള മത്സ്യലേല സമ്പ്രദായത്തിൽ മത്സ്യത്തൊഴിലാളികൾ അമിതമായി ചൂഷണം ചെയ്യപ്പെടുന്നത് തടയുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള നിയമം നടപ്പിലാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുന്നതാണ്.

## (3) കൊല്ലം ജില്ലാ ആശുപത്രിയിലെ സൗകര്യങ്ങൾ

ശ്രീ. പി. കെ. ഗുരുദാസൻ: കൊല്ലം ജില്ലാ ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും ഡോക്ടർമാരുടെയും നഴ്സുമാരുടെയും ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കൊല്ലം ജില്ലാ ആശുപത്രിയെ ജനറൽ ആശുപത്രി നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും ക്രിട്ടിക്കൽ കെയർ വാർഡ് നിർമ്മിക്കുന്നതിനും കാൻസർ കെയർ പദ്ധതി ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കാർഡിയോളജി വിഭാഗത്തിൽ സൂപ്പർസ്പെഷ്യാലിറ്റി സേവനം നൽകുന്ന ഈ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് കാത്ത് ലാബ് ആരംഭിക്കുന്ന കാര്യത്തിൽ തുടർനടപടികൾ

സ്വീകരിക്കാൻ കഴിയാത്തത്. അനുവദിക്കപ്പെട്ട ഡോക്ടർമാരുടെ എണ്ണത്തിൽ രണ്ടുപേരുടെ കുറവാണ് നിലവിലുള്ളത്. ഡോക്ടർമാരുടെയും നഴ്സുമാരുടെയും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (4) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും

ശ്രീമതി കെ. എസ്. സലീഖ: സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും തടയുന്നതിനും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ബാലവിവാഹവും വിവാഹമോചനവും നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം. കുട്ടികളിൽ നവമാദ്ധ്യമ സാക്ഷരത വളർത്തിയെടുക്കുന്നതിനും അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസുകളിന്മേൽ തീർപ്പുണ്ടാക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി വനിതാ ഹെൽപ്പ് ലൈൻ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. ആറ് വനിതാ പോലീസ് സ്റ്റേഷനുകൾ പുതുതായി ആരംഭിക്കാൻ തീരുമാനിക്കുകയും തൃശ്ശൂരിലും ആലപ്പുഴയിലും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ജനമൈത്രി പോലീസ്, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ആന്റി ഹ്യൂമൺ ട്രാഫിക് യൂണിറ്റ്, ഡിപ്പാർട്ടുമെന്റ് ഓഫ് സോഷ്യൽ ജസ്റ്റീസ്, ചൈൽഡ്

വെൽഫെയർ കമ്മിറ്റി, ചൈൽഡ് ലൈഫ് സർവ്വീസസ്, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയുടെ സഹകരണത്തോടെ കുറ്റകൃത്യങ്ങൾക്കെതിരായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ സംബന്ധിച്ച പരാതികളിന്മേൽ അന്വേഷണം നടത്തി പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കാൻ ശ്രമിക്കുന്നുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി പോലീസിന്റെ നേതൃത്വത്തിൽ 'നിർഭയ കേരളം സുരക്ഷിത കേരളം' പദ്ധതി എറണാകുളത്ത് ആരംഭിക്കുകയും തിരുവനന്തപുരം, കോഴിക്കോട് ഭാഗങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കാനുള്ള നടപടികളെടുത്തുവരികയുമാണ്.

## (5) സി. ബി. ഐ. അന്വേഷണം

ശ്രീ. വി. ഡി. സതീശൻ: റ്റി. പി. ചന്ദ്രശേഖരൻ വധക്കേസ് സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനും ഗൂഢാലോചന നടത്തിയ പ്രതികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): റവല്യൂഷനറി മാർക്സിസ്റ്റ് പാർട്ടി നേതാവായിരുന്ന റ്റി. പി. ചന്ദ്രശേഖരനെ 04-05-2012-ന് രാത്രി ഒഞ്ചിയത്തുവച്ച് വെട്ടിക്കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് വടകര

പോലീസ് രജിസ്റ്റർ ചെയ്ത കേസ് ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി. വിൽസൺ എം. പോളിന്റെ നേതൃത്തിലുള്ള പ്രത്യേക സംഘം അന്വേഷണം പൂർത്തിയാക്കി വടകര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിക്കുകയുണ്ടായി. 76 പ്രതികളുൾപ്പെട്ട ഈ കേസിലെ 44 പ്രതികളെ രണ്ട് ഘട്ടങ്ങളിലായി കോടതി കുറ്റവിമുക്തരാക്കുകയും 12 പേർക്ക് ശിക്ഷ വിധിക്കുകയും ചെയ്തു. കെ.സി. രാമചന്ദ്രൻ, മനോജൻ, കുഞ്ഞനന്തൻ എന്നിവർ മാത്രമാണ് ഗൂഢാലോചനക്കുറ്റത്തിന് ശിക്ഷിക്കപ്പെട്ടിട്ടുള്ളത്. പ്രതിപക്ഷ നേതാവിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ 03-02-2014-ന് കോഴിക്കോട് എടച്ചേരി പോലീസ് സ്റ്റേഷനിൽ ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. ഉത്തരമേഖലാ ഡി.ജി.പി.യുടെ നേതൃത്വത്തിൽ പ്രത്യേക സംഘം അന്വേഷണം നടത്തിവരവെ പ്രസ്തുത കേസ് സി.ബി.ഐ.യ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് രണ്ടുതവണ കത്തുകളയച്ചെങ്കിലും അന്വേഷണം ഏറ്റെടുക്കാൻ കഴിയുകയില്ലെന്നാണ് സി.ബി.ഐ. അറിയിച്ചിട്ടുള്ളത്. സി.ബി.ഐ. കേസ് ഏറ്റെടുക്കാത്ത സാഹചര്യത്തിൽ സംസ്ഥാന പോലീസിന്റെ നേതൃത്വത്തിലുള്ള അന്വേഷണം ഊർജ്ജിതമാക്കുന്നതിനാവശ്യമായ സി.ഡി.ആർ. (Call Detailed Records)-ന്റെ ഐ.ടി. സർട്ടിഫിക്കറ്റ് അടങ്ങിയ കോപ്പി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി

സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രണ്ടുതവണ കേന്ദ്രസർക്കാരിന് കത്തയച്ചിട്ടുണ്ട്.

## (6) കൃഷിക്കും വീടുകളിലെ ഉപഭോഗത്തിനുമുള്ള വൈദ്യുതി നിരക്ക്

ശ്രീ. റോഷി അഗസ്റ്റിൻ: കൃഷി ആവശ്യത്തിനുള്ള ജലം എത്തിക്കുന്നതിനുള്ള വൈദ്യുതി കണക്ഷനുകൾ എൽ.റ്റി.എസ്. നിരക്കിൽ നിലനിർത്തി സബ്സിഡി ലഭ്യമാക്കുന്നതിനും ഗാർഹിക ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): താരിഫ് തീരുമാനിക്കുന്നതിനുള്ള അധികാരം റെഗുലേറ്ററി കമ്മീഷനാണ്. കർഷക നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ പുന:പരിശോധിച്ച് തീരുമാനം എടുക്കാൻ റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കമ്മിഷൻ അനുവദിക്കുന്നില്ലെങ്കിൽ ഇക്കാര്യം കൃഷി വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

## (7) സർക്കാർ ഉത്തരവ് പിൻവലിക്കൽ

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: സർക്കാരിന്റെ ധനസഹായ ചടങ്ങുകൾ എം.എൽ.എ. മാർ മുഖാന്തിരം നടത്തേണ്ടതില്ലെന്ന ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം ജന പ്രതിനിധികൾ മുഖാന്തിരം വിതരണം ചെയ്യുമ്പോൾ അത്യാവശ്യ സന്ദർഭങ്ങളിൽ അനുവദിക്കുന്ന തുക അപേക്ഷകന് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി പരാതികൾ ലഭ്യമാകുന്നതിനാൽ ഈ ധനസഹായം ഗുണഭോക്താക്കൾക്ക് യഥാസമയം ലഭ്യമാക്കുന്നതിനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## (8) ഭൂമി കൈമാറ്റം

ശ്രീമതി ഗീതാ ഗോപി: ചേർപ്പ് ഐ.റ്റി.ഐ. യ്ക്ക് അനുവദിച്ച ഭൂമി കൈമാറ്റം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): തൃശ്ശൂർ ജില്ലയിൽ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് വക 63 സെന്റ് ഭൂമി ചേർപ്പ് ഐ.റ്റി.ഐ. സ്ഥാപിക്കുന്നതിനായി സൗജന്യമായി വിട്ടുകൊടുത്തുകൊണ്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഭൂമി കൈമാറ്റ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള അനുബന്ധ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഭൂമി കൈമാറുന്നതു സംബന്ധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

## (9) കിംസ് ആശുപത്രി പ്രദേശത്ത് പാർക്കിംഗ് മാൾ

ശ്രീ. എം.എ. വാഹീദ്: തിരുവനന്തപുരത്തെ കിംസ് ആശുപത്രി പരിസരത്ത് പാർക്കിംഗ് മാൾ നിർമ്മിക്കുവാനുള്ള പദ്ധതിക്ക് ടൗൺ പ്ലാനിംഗ് വകുപ്പിന്റെ അനുമതി ലഭ്യമാകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ വെൺപാലവട്ടം കിംസ് ആശുപത്രി പരിസരത്തെ പാർക്കിംഗ് സൗകര്യങ്ങൾ കണക്കിലെടുത്ത് ആശുപത്രി മാനേജ്മെന്റ് ബഹുനില മന്ദിരത്തിന്റെ നിർമ്മാണാനുമതിക്കായി ടൗൺ പ്ലാനിംഗ് വകുപ്പിലോ കോർപ്പറേഷൻ സെക്രട്ടറി മുമ്പാകെയോ ഒരു അപേക്ഷയും നൽകിയിട്ടില്ല. കെ.എം.പി.ആർ. പ്രകാരം നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന് അഡീഷണൽ പാർക്കിംഗ് വേണമെന്ന് നിർബന്ധിക്കാൻ കഴിയില്ല. ഈ പ്രദേശത്തെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ വിവിധ വകുപ്പുകളുമായി ചർച്ച ചെയ്ത് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## ക്രമപ്രശ്നം

### പ്ലാന്റേഷൻ ലേബർ ആക്റ്റിന്റെ ചട്ടങ്ങൾ

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: 2010-ലെ The Plantations Labour (Amendment) Act പാസ്സാക്കി ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് നൽകിയിട്ടും ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. ഇതുമൂലം മുൻകരുതലില്ലാതെ രാസപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഇടയാക്കുകയും അപകടങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു. എൻഡോസൾഫാൻ നിർവീര്യമാക്കുന്നതിന് നടപടി സ്വീകരിക്കാൻ ചട്ടങ്ങൾ അടിയന്തരമായി പുറപ്പെടുവിക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിൽനിന്നും സ്ത്രീകളെയും കുട്ടികളെയും ഒഴിവാക്കണമെന്നതു സംബന്ധിച്ച ഭേദഗതിയാണിത്. ഇത് നടപ്പാക്കണമെന്നതന്നെയാണ് സർക്കാരിന്റെ തീരുമാനം. ലേബർ കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ വെറ്റ് ചെയ്യുന്നതിനായി നിയമ വകുപ്പിന് കൈമാറിയിട്ടുണ്ട്. അവസാന പ്രൊപ്പോസൽ കിട്ടികഴിഞ്ഞാൽ നോട്ടിഫൈ ചെയ്യുന്നതായിരിക്കും.

## റൂളിംഗ്

മി. സ്പീക്കർ: കേരള നിയമസഭാ നടപടിചട്ടവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 238(2)-ന് 2010-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് സ്റ്റാറ്റ്യൂട്ട് പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾക്ക് അനുസൃതമായി കരട് ചട്ടങ്ങൾ എത്രയുംവേഗം തയ്യാറാക്കേണ്ടതും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് 90 ദിവസങ്ങൾക്കകം കൊടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇത് കേന്ദ്രനിയമം അടിസ്ഥാനമാക്കിയ ചട്ടം ആയതിനാൽ ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പ്രസ്താവിച്ചിട്ടുള്ളത് ചെയർ മുഖവിലയ്ക്ക് എടുക്കുന്നു. ചട്ടങ്ങൾ രൂപീകരിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ സമയപരിധി പാലിക്കണമെന്ന് ചെയർ റൂൾ ചെയ്യുന്നു.

### ധനാഭ്യർത്ഥന XLVI-ന്റെ പേരുമാറ്റം

ശ്രീ. എ. കെ. ശശീന്ദ്രൻ: സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന വകുപ്പ് ഇപ്പോൾ സർക്കാരിന്റെ മുമ്പിൽ ഇല്ലാത്ത സാഹചര്യത്തിൽ അതിനെക്കുറിച്ച് ചർച്ച നടത്തുന്നത് ശരിയല്ല. ധനാഭ്യർത്ഥനയുടെ പേര് സാമൂഹ്യനീതി വകുപ്പ് എന്ന് തിരുത്തിയതിനുശേഷം ചർച്ചയ്ക്ക് എടുക്കുന്നതാണ് നല്ലത്.

## അറിയിപ്പ്

മി. സ്പീക്കർ: 'സാമൂഹ്യസുരക്ഷിതത്വും ക്ഷേമവും" എന്ന വകുപ്പിന്റെ പേര്

"സാമൂഹ്യനീതി" എന്ന് മാറ്റിയെങ്കിലും ബഡ്ജറ്റ് ഡോക്യുമെന്റിൽ പഴയ പേരാ യതിനാലാണ് ഇത്തരത്തിൽ അച്ചടിച്ചുവന്നതെന്ന വിവരം അറിയിക്കുന്നു.

**ധനകാര്യം**

## 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം
(126,25,73,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVI - ഗ്രാമവികസനം (1637,69,64,000 രൂപ)

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത്

(592,08,95,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും
(2481,49,01,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.

പി. മോഹനൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല)

ശ്രീമതി പി. അയിഷാ പോറ്റി: സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളെ സ്വയംഭരണ സംവിധാനങ്ങളാക്കി മാറ്റുന്നതിൽ ചരിത്രപരമായ പങ്ക് വഹിച്ചിട്ടുള്ളത് ഇടതുപക്ഷ സർക്കാരുകളാണെന്നതിൽ തർക്കമില്ല. അധികാര വികേന്ദ്രീകരണത്തെ അട്ടിമറിക്കുന്ന നിലപാടുകളാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കുളക്കട-നെടുവത്തൂർ പഞ്ചായത്തുകളിൽനിന്നുള്ള ആറ് വാർഡുകളും കുന്നത്തൂർ മണ്ഡലത്തിലെ ഏഴ് വാർഡുകളും ചേർത്ത് ഒരു പഞ്ചായത്തുണ്ടാക്കി ആസ്ഥാനം റൂറൽ ഏരിയയിലേയ്ക്ക് മാറ്റിയ നടപടി പ്രതിഷേധാർഹമാണ്. തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതിവിഹിതം

വിനിയോഗിക്കുന്നതിനും വികസനങ്ങൾക്കാവശ്യമായ പണം അനുവദിക്കുന്നതിനും ഒഴിവുകളുള്ള പഞ്ചായത്തുകളിൽ സെക്രട്ടറിമാരെ നിയമിക്കുന്നതിനുമെല്ലാം കടുത്ത അനാസ്ഥയാണ് സർക്കാർ സ്വീകരിക്കുന്നത്. പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ തടയുന്നതിനും കരാറുകാരുടെ കുടിശ്ശിക നൽകുന്നതിനും തദ്ദേശ ഭരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ജനശ്രീ പോലുള്ള സമാന സംഘങ്ങൾ രൂപീകരിച്ച് കുടുംബശ്രീയുടെ പ്രവർത്തനങ്ങളെ അടിച്ചമർത്തുന്ന നടപടി അംഗീകരിക്കാൻ കഴിയില്ല. അംഗൻവാടി ജീവനക്കാരുടെ വേതനം 15,000 രൂപയായി വർദ്ധിപ്പിക്കണം. ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ അനുവദിക്കാനും സ്ഥിരം സർക്കാർ ജീവനക്കാരായി ഇവരെ അംഗീകരിക്കാനും നടപടിയുണ്ടാകണം. ക്രഷുകളിലെ ആയമാരുടെ അലവൻസ് വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും ക്രഷുകൾ അംഗൻവാടികളിൽ ലയിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. വിവാഹ ധൂർത്ത് ഒഴിവാക്കാനുള്ള സംസ്ഥാന വനിതാ കമ്മീഷന്റെ പ്രൊപ്പോസലിന്മേൽ ഉചിതമായ തീരുമാനമെടുക്കണം. തൊഴിലുറപ്പ് പദ്ധതി സംരക്ഷിക്കണം. ജില്ലാ ഓംബുഡ്സ്മാനെ പിരിച്ചുവിട്ട നടപടി പുന:പരിശോധിക്കണം. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ ലഭിക്കുന്ന പരാതികൾക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അഴിമതി മുഖമുദ്രയാക്കിയ സർക്കാരാണിത്. ബഡ്ജറ്റ് അവതരണ

ദിവസം പ്രതിപക്ഷ സമരത്തെ നിയമാനുസൃതം നേരിടാതെ പ്രകോപനമുണ്ടാക്കി വനിതാ എം.എൽ.എ.-മാരെ അപമാനിച്ച നടപടി ദൗർഭാഗ്യകരമാണ്.

<u>ശ്രീ. എം. എ. വാഹീദ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാരിന്റെ വിപ്ലവകരമായ നേട്ടങ്ങളെ തമസ്കരിക്കുന്ന പ്രസ്താവനകളാണ് പ്രതിപക്ഷം നടത്തുന്നത്. കാൻസർ സുരക്ഷാ, താലോലം, ആശ്വാസകിരണം തുടങ്ങിയ നിരവധി പദ്ധതികൾ വിജയകരമായി നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. കേൾവിശക്തിയും സംസാരശേഷിയുമില്ലാത്ത കുട്ടികൾക്ക് സൗജന്യമായി കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്ന ശ്രുതിതരംഗം പദ്ധതി ഏറെ പ്രശംസനീയമാണ്. കുട്ടികളുടെ പോഷകാഹാര പദ്ധതി, കൗമാരപ്രായക്കാരായ കുട്ടികളുടെ ആരോഗ്യ സംരക്ഷണ പദ്ധതി മുതലായവ നടപ്പിലാക്കിക്കൊണ്ട് അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിച്ചു. റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് 42% ടെണ്ടർ എക്സസ് നൽകി ഗ്രാമപ്രദേശങ്ങളിലെ റോഡുകൾ ദേശീയ നിലവാരമുള്ളതാക്കി മാറ്റിക്കൊണ്ട് ഗ്രാമീണ സഡക് യോജന ഭാവനാപൂർവ്വം നടത്താൻ കഴിഞ്ഞു. ഐ.എ.വൈ. ധനസഹായവും തൊഴിലുറപ്പ് വേതനവും വർദ്ധിപ്പിച്ചു. ഗ്രാമവികസന വകുപ്പിലും സാമൂഹ്യ നീതി വകുപ്പിലും ക്ഷേമകരമായ പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ക്ഷീര കർഷകർക്ക് ഇൻഷുറൻസ് പദ്ധതി ആവിഷ്കരിച്ചു. കമ്പ്യൂട്ടറൈസേഷൻ മുഖേന പഞ്ചായത്ത്

വകുപ്പിൽ സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കാൻ സാധിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പെൻഷൻ പദ്ധതി നടപ്പാക്കണം.

ശ്രീ. കെ. അജിത്: അശാസ്ത്രീയമായ രീതിയിലാണ് വാർഡ് വിഭജനവും പഞ്ചായത്ത് രൂപീകരണവും നടത്തുന്നത്. ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്ന എഞ്ചിനീയറിംഗ് വിഭാഗം നിശ്ചലമായിരിക്കുന്നതുകൊണ്ട് പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാതെ പോകുന്നു. തെരുവുനായ്ക്കളുടെ ശല്യത്തിന് പ്രതിവിധി കാണാനോ, പേവിഷബാധയ്ക്കുള്ള മരുന്ന് ആശുപത്രികളിൽ ലഭ്യമാക്കാനോ സാധിക്കുന്നില്ല. തെരുവുനായ്ക്കൾക്ക് വന്ധ്യംകരണം നടത്തുന്നതിന് ആവശ്യമായ മെഡിക്കൽ ടീമും ഫണ്ടും തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിക്കണം. സാമൂഹ്യക്ഷേമ പെൻഷനുകൾ സമയബന്ധിതമായി നൽകുന്നതിന് നടപടിയുണ്ടാകണം. ക്ഷീരവികസന മേഖലയിൽ വീഴ്ചകളുണ്ട്. കുളമ്പുരോഗം പടർന്നുപിടിച്ചതു കാരണം പാലുത്പാദനം കുറഞ്ഞിട്ടുണ്ട്. വകുപ്പുകൾ തമ്മിൽ ഏകോപനമില്ലാത്തതുകൊണ്ട് വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടതായി വരുന്നുണ്ട്. ക്ഷീര കർഷകർക്ക് ലഭിക്കുന്ന വിവിധ ധനസഹായ പദ്ധതികൾ ഏകോപിപ്പിക്കണം. മെച്ചപ്പെട്ട ക്ഷേമപെൻഷൻ ക്ഷീരകർഷകർക്ക് ലഭ്യമാക്കണം. കാലിത്തീറ്റയുടെ വിലക്കയറ്റവും പാലിന്റെ വിലക്കുറവുംമൂലം ബുദ്ധിമുട്ടുന്ന കർഷകർക്ക് സബ്സിഡി റേറ്റിൽ കാലിത്തീറ്റ കൊടുക്കുന്നതിനും കറവയന്ത്രം

സൗജന്യമായി നൽകുന്നതിനും നടപടിയുണ്ടാകണം. പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനങ്ങളുണ്ടാകണം.

ശ്രീ. എം. പി. അബ്ദു സമദ് സമദാനി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അഭൂതപൂർവ്വമായ നേട്ടങ്ങൾ കൈവരിച്ച വകുപ്പുകളുടെ നേതൃത്വം വഹിക്കുന്ന മന്ത്രിമാരെ അഭിനന്ദിക്കുന്നു. കേന്ദ്ര പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഗുണപരമായ മാറ്റമാണ് ഗ്രാമവികസന വകുപ്പിൽ കാണപ്പെട്ടത്. ക്ഷീരവികസന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിഞ്ഞുവെന്നത് പ്രധാനപ്പെട്ട നേട്ടമാണ്. സാമൂഹ്യനീതി വകുപ്പിൽ വയോജനങ്ങൾക്കുവേണ്ടിയുള്ള ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്നത് ശ്ലാഘനീയമാണ്. പൊതുസമൂഹത്തിന്റെ മാനസിക ആരോഗ്യനില ദുർബ്ബലമാണ്. വൃദ്ധജനങ്ങളെ അഗതിമന്ദിരങ്ങളിൽ എത്തിക്കുന്ന ചിന്താഗതിയിലും സമീപനങ്ങളിലും മാറ്റം വരണം. വയോജന സംരക്ഷണത്തിനായി പ്രത്യേക വകുപ്പ് രൂപീകരിക്കണം. വയോമിത്രം പദ്ധതി നടപ്പിലാക്കിയ നടപടി അഭിനന്ദനാർഹമാണ്. സമൂഹത്തിലുണ്ടാകുന്ന മൂല്യച്യുതികൾക്ക് തടയിടാനും പൗരസ്ത്യ സംസ്കാരത്തിന്റെ നന്മകൾ കാത്തുസൂക്ഷിക്കാനും കഴിയണം. വയോജനസംരക്ഷണ കാര്യത്തിൽ പാശ്ചാത്യ രാജ്യങ്ങൾ അവലംബിക്കുന്ന രീതി പിന്തുടരണം. തെറ്റായ പ്രവണതകൾ

തിരുത്താനും ദിശാബോധത്തോടുകൂടിയ തുടർനടപടികളുമായി മുന്നോട്ടുപോകാനും യു.ഡി.എഫ്. ഗവൺമെന്റിന് കഴിയുമെന്ന് പ്രത്യാശിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമൂഹത്തിലെ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ അഭിനന്ദനാർഹമാണ്. ആശ്വാസകിരണം, ക്യാൻസർ സുരക്ഷ, വയോമിത്രം, ശ്രുതി തരംഗം, സ്നേഹപൂർവ്വം തുടങ്ങിയ പദ്ധതികൾ കേരള സമൂഹത്തിന് പുതിയ അനുഭവമാണ്. നിരാലംബരായ ഒട്ടേറെ ജനവിഭാഗങ്ങൾക്ക് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്താൻ കഴിഞ്ഞത് കേരള സാമൂഹ്യ സുരക്ഷാ മിഷൻ പോലുള്ള പദ്ധതികൾ നടപ്പിലാക്കിയതുവഴിയാണ്. ബധിര-മൂക കുട്ടികൾക്കായുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി, പതിനെട്ട് വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്കുണ്ടാകുന്ന ഹൃദയസംബന്ധമായ രോഗങ്ങൾ, നാഡീ രോഗങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം തുടങ്ങിയ രോഗങ്ങൾക്ക് ധനസഹായം നൽകൽ, വിദഗ്ദ്ധ ചികിത്സയ്ക്ക് പരിധി ഇല്ലാതെ സഹായം നൽകൽ എന്നിവയെല്ലാം ഗവൺമെന്റിന്റെ അർപ്പണ മനോഭാവത്തിനുള്ള തെളിവുകളാണ്.

വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച നടപടി ശ്ലാഘനീയമാണ്. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ബഡ്സ് സ്കൂൾ ആരംഭിക്കുകയും ബഡ്സ് സ്കൂളുകൾക്കായി വാഹന സൗകര്യം ഏർപ്പെടുത്തുകയും പതിനെട്ട് വയസ്സിനു മുകളിലുള്ളവരുടെ പുനരധിവാസത്തിനായി ധനസഹായം നൽകുകയും ചെയ്ത നടപടികൾ അഭിനന്ദനമർഹിക്കുന്നു. കുടുംബശ്രീയുടെ പ്രവർത്തനം മികവുറ്റതാക്കാനും വിധവകൾ, അവിവാഹിതരായ അമ്മമാർ, ഗാർഹിക പീഡനം നേരിടുന്നവർ തുടങ്ങി അശരണരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ സ്ത്രീകൾക്ക് പുനർജനി എന്ന തൊഴിൽ പദ്ധതി ആരംഭിക്കാനും കാർഷിക മേഖലയുടെ ഉന്നമനത്തിനായി സംഘകൃഷി ഗ്രൂപ്പുകൾക്ക് പിന്തുണ നൽകാനായി ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കാനും ബ്ലോക്ക് കോ-ഓർഡിനേറ്റേഴ്സിനെ നിയമിച്ച് സംഘകൃഷി ഗ്രൂപ്പുകളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി പ്രാദേശിക തലത്തിൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കാനും കഴിഞ്ഞ നടപടികൾ സ്വാഗതാർഹമാണ്. ആദിവാസി മേഖലയിലെ ശാക്തീകരണത്തിന് പങ്കാളിത്ത സൂക്ഷ്മതല ആസൂത്രണ പദ്ധതിയും ഓഫീസുകളിൽ ഇ-ഗവേണൻസ് പ്രവർത്തനങ്ങളും നടപ്പിലാക്കി. 1970 മുതലുള്ള

ജനന-മരണ രജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈനാക്കിയ ആദ്യത്തെ സംസ്ഥാനം എന്ന ബഹുമതി സ്വന്തമാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. പഞ്ചായത്ത് ഓഫീസുകളിലെ ജീവനക്കാരുടെ അഭാവം പരിഹരിക്കാൻ നടപടി സ്വീകരിച്ചു. ക്ഷീരകർഷകർക്ക് ന്യായവില ഉറപ്പാക്കാനും കാലിത്തീറ്റ സബ്സിഡി ഏർപ്പെടുത്താനും പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി മിൽക്ക് ഷെഡ് വികസന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാനും കഴിഞ്ഞത് പ്രതീക്ഷാനിർഭരമാണ്. പുതുതലമുറയെ ക്ഷീരോല്പാദന മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി സ്കൂൾ ഡയറി ക്ലബ്ബുകളും ക്ഷീരസംഘങ്ങൾ ആരംഭിക്കുകയും അവയുടെ ആധുനികവൽക്കരണത്തിന് ധനസഹായം നൽകുകയും ക്ഷീരകർഷകർക്ക് പെൻഷൻ നൽകുകയും ചെയ്തു. നാണ്യവിളകളുടെ വിലയിടിവും പ്രകൃതിക്ഷോഭവുംമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന ഇടുക്കിയിലെ ക്ഷീര കർഷക സുരക്ഷയ്ക്ക് പ്രത്യേക പദ്ധതി ആവിഷ്കരിക്കണം. ക്ഷീരകൃഷി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം. ഇടുക്കി ജില്ലയെ ക്ഷീര ജില്ലയായി പ്രഖ്യാപിക്കാൻ തയ്യാറായിരിക്കുന്ന സാഹചര്യത്തിൽ ഈ വർഷംതന്നെ ക്ഷീരവികസന യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീമതി ജമീലാ പ്രകാശം</u>: അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടാക്കുകയും കുട്ടികൾക്ക് ഭക്ഷണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും വേണം. അങ്കണവാടികളിലേയ്ക്കുള്ള ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം. ക്ഷേമനിധി പെൻഷൻ പുതുക്കി നിശ്ചയിക്കുന്നതിനും നിലവിലുള്ള 102 സൂപ്പർവൈസർമാരുടെയും 68 ചൈൽഡ് ഡെവലെപ്മെന്റ് പ്രോജക്ട് ഓഫീസർമാരുടെയും ഒഴിവുകൾ നികത്തുന്നതിനും യഥാസമയം പ്രൊമോഷൻ നൽകുന്നതിനും പഞ്ചായത്ത് കോ-ഓർഡിനേഷൻ കമ്മിറ്റികളുടെയും ജാഗ്രതാ സമിതിയുടെയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുന്ന അങ്കണവാടികളെ പുനരുജ്ജീവിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. അങ്കണവാടികളുടെ പ്രവർത്തനം കുറ്റമറ്റതാക്കുന്നതിന് പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥന്മാരുടെയും ജനപ്രതിനിധികളുടെയും കോൺഫറൻസ് വിളിച്ചുചേർക്കണം. വൃദ്ധസദനങ്ങളിലെ ഭക്ഷണ ചെലവുകൾക്ക് അനുവദിച്ചിരിക്കുന്ന തുക വർദ്ധിപ്പിക്കണം. കേരളത്തിലെ ക്ഷീരോത്പാദനം

വർദ്ധിപ്പിക്കുന്നതിനായി പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിനും ചെറുകിട ക്ഷീരകർഷകരുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിനും യഥാസമയം വെറ്ററിനറി മരുന്നുകൾ ലഭ്യമാക്കുന്നതിനും കന്നുകാലികളുടെ ഇൻഷ്വറൻസ് തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. അംഗീകൃത ക്ഷീര സംഘങ്ങളിൽ പാൽ കൊടുക്കുന്ന കർഷകർക്ക് കമ്പോളവിലയേക്കാൾ താഴ്ന്ന വിലയ്ക്ക് കാലിത്തീറ്റ നൽകണം. മിൽമയുടെ പ്രവർത്തനം ജനകീയമാക്കുന്നതിനും ഒരു വർഷത്തിലേറെയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്ഷീര സംഘങ്ങൾക്ക് മിൽമയിൽ അഫിലിയേഷൻ നൽകുന്നതിനും നടപടിയുണ്ടാകണം. ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള തുകയുടെ വിനിയോഗത്തെപ്പറ്റി അന്വേഷിക്കുന്നതിനും പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന തൊഴിൽ സംരംഭങ്ങൾ കാര്യക്ഷമമാക്കുന്നതിനും അയൽക്കൂട്ടങ്ങൾക്ക് പലിശ സബ്സിഡിയും കുടുംബശ്രീക്ക് ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കുന്നതിനും അതിയന്നൂർ പഞ്ചായത്തിനെ അതേ ബ്ലോക്കിനുകീഴിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: പഞ്ചായത്തിരാജ്, കുടുംബശ്രീ സംവിധാനങ്ങളിലൂടെ എൽ.ഡി.എഫ് ഗവൺമെന്റ് നേടിയെടുത്ത നേട്ടങ്ങളെ തകർക്കുന്ന നിലപാടാണ്

ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലെ ഏക സ്റ്റാറ്റ്യൂട്ടറി ബോഡിയായ ഡി.പി.സി.യുടെ ജനകീയതയും വൈദഗ്ദ്ധ്യവും നഷ്ടമാക്കുകയും പ്രാദേശികാസൂത്രണ പ്രക്രിയയെ തകർക്കുകയും കാർഷികമേഖലയ്ക്കായി നീക്കി വച്ച തുക വെട്ടിക്കുറക്കുകയും പഞ്ചായത്തുകളുടെ നിക്ഷേപം കുറയുകയും ചെയ്യതിലൂടെ കാർഷികമേഖല വൻ തിരിച്ചടി നേരിട്ടുകൊണ്ടിരിക്കുകയാണ്. ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി മൂന്ന് സ്ഥാപനങ്ങളും ഒറ്റ ഭരണത്തിൻകീഴിൽ കൊണ്ടുവരണം. അശാസ്ത്രീയമായ ബ്ലോക്ക് പുന:സംഘടനയെപ്പറ്റി പരിശോധിക്കണം. ക്ഷേമ പദ്ധതികൾ അട്ടിമറിച്ചുകൊണ്ട് പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാതെ ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ക്ഷീരമേഖലയും മൃഗസംരക്ഷണ മേഖലയും തകർച്ചയുടെ വക്കിലാണ്. കർഷകർക്ക് അർഹമായ സബ്സിഡി നൽകുന്നില്ല. തമിഴ്നാട്ടിൽ നിന്നും കാലിത്തീറ്റ കൊണ്ടുവന്ന് മിൽമയുടെ മേൽവിലാസത്തിൽ വിൽക്കുന്നത് തടയണം. കാലികൾക്കാവശ്യമായ മരുന്നിന്റെ വില വർദ്ധനവും പ്രതിരോധ കുത്തിവയ്പുകളുടെ അപര്യാപ്തതയും പരിഹരിച്ച് ക്ഷീരകർഷകരെ സഹായിക്കുന്നതിനും വിപണിയിൽ വ്യാപകമാകുന്ന വ്യാജ പാൽ വിതരണം തടയുന്നതിനും നടപടി സ്വീകരിക്കണം. അംഗൻവാടി വർക്കർമാരുടെ വേതനം വർദ്ധിപ്പിക്കാനും പ്രൊമോഷൻ നൽകാനും

സർക്കാർ ജീവനക്കാരായി അംഗീകരിക്കാനും നടപടിയുണ്ടാകണം. പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് ചുമതലപ്പെടുത്തിയിട്ടുള്ള ക്രോസ്-ന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ അടിയന്തരമായി നികത്തണം.

ശ്രീ. വി. റ്റി. ബൽറാം: ധനാഭ്യർത്ഥകളെ അനുകൂലിക്കുന്നു. സാമൂഹ്യ വികസന മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ള പല പദ്ധതികൾക്കും നാമമാത്രമായ തുകയാണ് കേന്ദ്ര ഗവൺമെന്റ് വകയിരുത്തിയിരിക്കുന്നത്. ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന അധിക ഉത്തരവാദിത്വം ഏറ്റെടുക്കാൻ ഈ ഗവൺമെന്റിന് സാധിക്കണം. പദ്ധതി നിർവ്വഹണത്തിനായി പുതിയ തസ്തികകൾ സൃഷ്ടിക്കാനും 85 ശതമാനത്തോളം പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കാനും സാധിച്ചിട്ടുണ്ട്. ക്ഷേമ പദ്ധതികൾ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ പഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടുണ്ട്. ജനസമ്പർക്ക പരിപാടിയിലൂടെ സാധാരണക്കാരന്റെ പ്രയാസങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുന്നതിന് മുഖ്യമന്ത്രിക്കും സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിക്കും സാധിച്ചു. ക്യാൻസർ ചികിത്സ സൗജന്യമാക്കുന്ന ഇൻഡ്യയിലെ ഏക സംസ്ഥാനമെന്ന ബഹുമതിക്ക് കേരളം അർഹമായിരിക്കുകയാണ്. താലോലം, സ്നേഹസ്പർശം തുടങ്ങി നിരവധി പദ്ധതികളിലൂടെ സാധാരണക്കാർക്ക് ആശ്വാസമേകാൻ ഗവൺമെന്റിന് സാധിച്ചു. ക്ഷീരവികസന രംഗത്ത് പുരോഗതി

കൈവരിക്കാനും സംസ്ഥാനത്തിന് ആവശ്യമായ പാലിന്റെ 80 ശതമാനത്തോളം ഉൽപ്പാദിപ്പിക്കുന്നതിനും പൂട്ടിക്കിടന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും നിരവധി സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും സാധിച്ചു. അധികം താമസിയാതെതന്നെ കേരളം പാലുൽപ്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതാണ്.

ഡോ. എൻ. ജയരാജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളീയ സമൂഹം നേരിടുന്ന ഒട്ടേറെ സാമൂഹ്യ പ്രശ്നങ്ങൾ ക്രിയാത്മകമായി പരിഹരിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിന് സാധിച്ചിട്ടുണ്ട്. സൈക്കോ സോഷ്യൽ കൗൺസിലേഴ്സിനെ സ്ഥിരപ്പെടുത്തുന്നതിനും അർഹമായ വേതനം ഉറപ്പുവരുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ മാനേജർമാരെ നിയമിക്കാനുള്ള തീരുമാനത്തിലും അടിയന്തര നടപടിയുണ്ടാകണം. ക്ഷീരകർഷക സംഘങ്ങളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിൽ കാലോചിതമായ മാറ്റമുണ്ടാകണം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കലിലൂടെ പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചു. ക്ഷീരകർഷകന് പെൻഷൻ അനുവദിക്കാനും ഗ്രാമവികസന രംഗത്ത് നിരവധി നേട്ടങ്ങളുണ്ടാക്കാനും മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ്

പദ്ധതിയിലൂടെ സമൂഹത്തിൽ ഒട്ടേറെ മാറ്റങ്ങളുണ്ടാക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. പശു വളർത്തൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാക്കുന്നതോടൊപ്പം നഗരവത്കരണം തടയുന്നതിനും ഗ്രാമങ്ങളെ സുസ്ഥിര വികസനത്തിന്റെ പാതയിൽ നിലനിർത്താനും സാധിക്കണം. രണ്ട് പഞ്ചായത്തുകൾക്ക് ഒരു എ.ഇ. എന്ന സ്ഥിതിക്ക് മാറ്റം വരുത്തണം. ഗ്രാമസഭകൾ സജീവമായി പ്രവർത്തിപ്പിക്കാനും ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം ഗ്രാമപഞ്ചായത്തുകളുമായി ഏകീകരിക്കാനും നടപടിയുണ്ടാകണം. എല്ലാ പഞ്ചായത്തുകളിലും സ്ലോട്ടർ ഹൗസ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനങ്ങൾ നിർമ്മിക്കണം. പഞ്ചായത്തുകളുടെ ക്ലസ്റ്റർ രൂപീകരിച്ച് മാലിന്യനിർമ്മാർജ്ജനത്തിനാവശ്യമായ നടപടികളെടുക്കണം. ഓർഫനേജുകൾ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന കോടതിവിധിമൂലമുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കണം.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: ഈ സർക്കാർ കേരളത്തിന്റെ സമസ്ത മേഖലകളെയും തകർത്തുകൊണ്ടിരിക്കുകയാണ്. മാലിന്യ സംസ്കരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതുമൂലം പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. കോർപ്പറേഷനുകളെയും മുനിസിപ്പാലിറ്റികളെയും സാമ്പത്തികമായി തകർക്കുകയും

യഥാസമയം തൊഴിലും കൂലിയും നൽകാതെ തൊഴിലുറപ്പ് പദ്ധതി അട്ടിമറിച്ചിരിക്കുകയുമാണ്. അനധികൃത നിർമ്മാണങ്ങൾ നിയമാനുസൃതമാക്കുന്നതിലൂടെ അഴിമതിക്കാരായ ഉദ്യോഗസ്ഥരെയും ഫ്ളാറ്റ് ലോബിയെയും സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഗാർഹികാവശ്യത്തിനുള്ള പെർമിറ്റ് ഉപയോഗിച്ച് സോൺ നിബന്ധനകൾ ലംഘിച്ച് വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നവരുടെ ഏജന്റായി സർക്കാർ മാറിയിരിക്കുകയാണ്. നഗരാസൂത്രണ വകുപ്പിൽ ചീഫ് ടൗൺ പ്ലാനറുടേതടക്കമുള്ള പതിമൂന്ന് തസ്തികകൾ സൃഷ്ടിച്ച് അനധികൃത കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകാനുള്ള ശ്രമം സുപ്രീംകോടതി വിധിയുടെ ലംഘനമാണ്. റിവോൾവിംഗ് ഫണ്ടും പലിശ സബ്സിഡിയും നിർത്തലാക്കിയതിലൂടെ കുടുംബശ്രീ പ്രസ്ഥാനത്തെ തകർക്കാനും സ്വകാര്യ സംരംഭകർക്ക് പ്രോത്സാഹനം നൽകാനുമാണ് സർക്കാർ ശ്രമിക്കുന്നത്. കുടുംബശ്രീ സി.ഡി.എസ്-കളുടെ തനത് ഫണ്ടിൽ നിന്നും ജീവനക്കാർക്ക് ശമ്പളം നൽകേണ്ട അവസ്ഥയുണ്ടായിരിക്കുകയാണ്. ഇ.എം.എസ്., ഐ.എ.വൈ. ഭവന പദ്ധതികൾ അട്ടിമറിച്ചിരിക്കുകയാണ്.

<u>ശ്രീ. കെ. എം. ഷാജി</u>: ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. വൻവികസന പദ്ധതികൾ കൊണ്ടുവരുന്നതോടൊപ്പം ജനക്ഷേമകരമായ പദ്ധതികൾ ആവിഷ്ക്കരിച്ച

നടപ്പിലാക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. പാവപ്പെട്ടവരുടെയും അശരണരുടെയും ഉന്നമനത്തിനായുള്ള സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. വർഗ്ഗീയതയെ ചെറുക്കുകയും മതേതരത്വത്തെ സംരക്ഷിക്കുകയും ചെയ്യുന്ന നിലപാടാണ് മുസ്ലീംലീഗ് എന്നും സ്വീകരിച്ചിട്ടുള്ളത്. മുസ്ലീംലീഗിനെതിരെ വർഗ്ഗീയപരമായ പരാമർശങ്ങൾ ഉന്നയിക്കുന്ന നിലപാടിൽ നിന്ന് പ്രതിപക്ഷം പിന്തിരിയണം.

<u>ശ്രീ. കെ. രാജു</u>: ഗ്രാമസഭകളിൽ ആവശ്യമായ പങ്കാളിത്തം ഉറപ്പുവരുത്താനോ ഗ്രാമസഭാ കേന്ദ്രമെന്ന ആശയം നടപ്പിൽ വരുത്താനോ സർക്കാരിന് സാധിച്ചിട്ടില്ല. നീതിരഹിതമായ വാർഡ് വിഭജനത്തിലൂടെയും അതിർത്തി പുനർനിർണ്ണയത്തിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് അട്ടിമറിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. വൃദ്ധരെയും അവശരെയും സംരക്ഷിക്കുന്നതിനുള്ള ക്ഷേമപദ്ധതികളൊന്നും സർക്കാർ ആവിഷ്ക്കരിക്കുന്നില്ല. പാലിന്റെ വില വർദ്ധിപ്പിക്കുന്നതിനനുസരിച്ചുള്ള ആനുകൂല്യം ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിലും മിൽക്ക്ഷെഡ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിലും സർക്കാർ പരാജയപ്പെട്ടു. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും ഇറക്കുമതി ചെയ്യുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും നടപടി

സ്വീകരിക്കണം. തൊഴിലുറപ്പുപദ്ധതിയിൽ ക്ഷീരകർഷകരെ ഉൾപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല.

ശ്രീ. ബെന്നി ബെഹനാൻ: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുക എന്നതാണ് യഥാർത്ഥ വികസനം. അവശജനവിഭാഗങ്ങൾക്ക് അർഹതപ്പെട്ട കാര്യങ്ങൾ അവകാശമാക്കി മാറ്റുന്നതിനുള്ള നിയമനിർമ്മാണങ്ങളും കർമ്മപരിപാടികളും ആവിഷ്ക്കരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. അട്ടപ്പാടി പോലുള്ള സ്ഥലങ്ങളിലെ കുട്ടികളുടെ വളർച്ചാനിരക്ക് നിരീക്ഷിക്കുന്നതിനായി 'ജാതക്' എന്ന പേരിലും അമ്മമാർക്കായി 'ജനനി' എന്ന പേരിലുമുള്ള സോഫ്റ്റ്‌വെയറുകൾ വികസിപ്പിച്ചെടുക്കാനും അംഗവൈകല്യം സംഭവിച്ചവരെ അംഗീകരിക്കാനും അവരിൽ ആത്മവിശ്വാസം ഉണ്ടാക്കുന്നതിനും ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ക്യാൻസർ സുരക്ഷാ പദ്ധതി, താലോലം, ആശാകിരണം, സസ്നേഹം, വയോമിത്രം, വിശപ്പുരഹിത നഗരം, കോക്ലിയർ ഇംപ്ലാന്റേഷൻ, എൻഡോസൾഫാൻ ബാധിതർക്കായുള്ള പദ്ധതി, ഡിമെൻഷ്യാ കെയർ യൂണിറ്റുകൾ തുടങ്ങിയ സാമൂഹ്യ സുരക്ഷാ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും അതിലൂടെ അർഹരായവർക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും

സാധിച്ചിട്ടുണ്ട്. നാഷണൽ ട്രസ്റ്റ് ആക്ട് നടപ്പാക്കിയ നടപടിയെ അഭിനന്ദിക്കുന്നതോടൊപ്പം ഇതിനായി എല്ലാ ജില്ലകളിലും കളക്ടർ ചെയർമാനായ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൂടി സ്വീകരിക്കണം. ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമാണ് ജനസമ്പർക്ക പരിപാടി.

<u>ഡോ. ടി.എം. തോമസ് ഐസക്:</u> സംസ്ഥാനത്ത് പാലുൽപാദനത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് ഗണ്യമായ കുറവുണ്ടാകുന്നതിന്റെ കാരണങ്ങൾ പരിശോധിക്കണം. ഐ.എ.വൈ., ഇ.എം.എസ്. ഭവന പദ്ധതികൾ അധ:പതിച്ച അവസ്ഥയിലാണ്. ഭവനശ്രീ വായ്പ എഴുതിത്തള്ളുമെന്ന പ്രഖ്യാപനം നടപ്പാക്കാത്തതിനാൽ ഇടപാടുകാർക്ക് ബാങ്കിൽ നിന്ന് ആധാരം തിരിച്ച് കിട്ടാത്ത അവസ്ഥയാണുള്ളത്. കുടുംബശ്രീ പ്രവർത്തനങ്ങളിൽ അഴിമതി കടന്നുവരികയും 'വനിതാ ഘടക പദ്ധതി' യുടെ പ്രവർത്തനങ്ങൾ നിലച്ച അവസ്ഥയിലുമാണ്. ആസൂത്രണ പ്രക്രിയയ്ക്ക് ആവശ്യമായ പണം വകയിരുത്താത്തതിന്റെ ഫലമായി പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ അവതാളത്തിലാകുകയാണ്. രാജ്യത്ത് മതേതരത്വം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഇടതുപക്ഷ പാർട്ടികൾ നിലകൊള്ളുന്നത്.

(ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗം ബഹിഷ്കരിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭ വിട്ട് പുറത്തു പോയി)

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ഗ്രാമവികസനം, ക്ഷീരവികസനം തുടങ്ങിയ മേഖലകളിലെല്ലാം കഴിഞ്ഞ നാലുവർഷത്തെ പ്രവർത്തനങ്ങൾകൊണ്ട് ശ്രദ്ധേയമായ നേട്ടങ്ങളുണ്ടായിട്ടുണ്ട്. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന, ഇന്ദിരാ ആവാസ് യോജന തുടങ്ങിയ കേന്ദ്ര പദ്ധതികളുടെ പ്രവർത്തനം കേരളചരിത്രത്തിൽ ഒരു സർവ്വകാല റിക്കാർഡാണ്. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിപ്രകാരം ജോലിക്കാരുടെ ജോലിസമയം കുറയ്ക്കുന്നതിനും അവർക്ക് ഉയർന്ന കൂലി ഉറപ്പുവരുത്തുന്നതിനും കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനും വേതന വിതരണം ബാങ്കുകൾ മുഖാന്തിരം നടത്തുന്നതിനും സുതാര്യമാക്കുന്നതിനും നടപടി സ്വീകരിച്ചു. മുടങ്ങിക്കിടന്ന രാജീവ്ഗാന്ധി സേവാകേന്ദ്രം പദ്ധതി പുനരാരംഭിച്ച് പഞ്ചായത്തുകൾതോറും തൊഴിലാളികൾക്കുള്ള വിശ്രമകേന്ദ്രങ്ങൾ പണിയുന്നതിന് നടപടി സ്വീകരിച്ചു. 169 കോടി രൂപ അധികമായി സർക്കാർ വകയിരുത്തി മുടങ്ങിക്കിടന്ന

റോഡുകളുടെ പണി പൂർത്തിയാക്കുകയുണ്ടായി. പി. എം. ജി. എസ്. വൈ. പദ്ധതിപ്രകാരം റോഡുകളുടെ ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരിച്ചതിന്റെ ഫലമായി ഫേസ് -രണ്ടിൽ 720 കിലോമീറ്റർ റോഡുകൾകൂടി അധികമായി ലഭിക്കുകയുണ്ടായി. ഇന്ദിരാ ആവാസ് യോജന പദ്ധതിപ്രകാരം ഭവനപദ്ധതിയുടെ തുക വർദ്ധിപ്പിക്കുന്നതും ഹഡ്കോ വായ്പ ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശികകളെല്ലാം പൂർണ്ണമായും കൊടുത്തുതീർക്കുന്നതുമാണ്. പാൽവില, പാലുൽപ്പാദനം, സംഭരണം എന്നിവ വർദ്ധിപ്പിച്ച് ക്ഷീരമേഖലയെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചു. ഖാദി- കയർ-ക്ഷീരം തുടങ്ങിയ പരമ്പരാഗത മേഖലകളെക്കൂടി തൊഴിലുറപ്പ് പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അനുവാദം ലഭിക്കുന്ന മുറയ്ക്ക് ഇടുക്കിജില്ലയിലെ തോപ്രാംകുടിയിൽ ഒരു ക്ഷീരവികസന യൂണിറ്റ് ആരംഭിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): പ്രാദേശികവും ഭൂമിശാസ്ത്രപരവുമായ പരിഗണനകൾവച്ച് ശാസ്ത്രീയമായി നടത്തിയിട്ടുള്ള വാർഡ് വിഭജനത്തെ സാമുദായിക പരിഗണനയാക്കി മാറ്റി പുകമറ സൃഷ്ടിക്കാനുള്ള പ്രതിപക്ഷശ്രമം അപലപനീയമാണ്. സാമൂഹ്യ നീതി വകുപ്പിൽ സർക്കാർ വരുത്തിയിട്ടുള്ള പരിവർത്തനങ്ങൾ പ്രതിപക്ഷം കണ്ടില്ലെന്ന് നടിക്കരുത്. അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം 5000 രൂപയാക്കി വർദ്ധിപ്പിച്ചു. സർക്കാരിന്റെ കാലാവധി പൂർത്തീകരിക്കുന്നതിനുമുമ്പ് അവരുടെ മറ്റ് ആവശ്യങ്ങൾകൂടി പരിഹരിക്കുന്നതാണ്. അംഗൻവാടി ജീവനക്കാർക്ക് ഓണത്തോടനുബന്ധിച്ച് നൽകുന്ന ഉത്സവബത്ത വർദ്ധിപ്പിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. ഡിസ്-എബിലിറ്റീസ് സെൻസസ് സെപ്റ്റംബർ മാസത്തോടുകൂടി പൂർത്തീകരിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതാണ്. സ്ഥലം ലഭ്യമാക്കിയാൽ കുട്ടികളുടെ ഗ്രാമം പദ്ധതിയുടെ നിർമ്മാണപ്രവൃത്തി ആരംഭിക്കാവുന്നതാണ്. സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ന്യൂട്രീഷൻ, നിർഭയ, ഡിസ്-എബിലിറ്റി മുതലായ പോളിസികൾ നടപ്പിലാക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ

എന്നിവയുമായി സഹകരിച്ച് വയോജനങ്ങൾക്കുവേണ്ടി ഡിസ്കൗണ്ട് കാർഡ് നൽകുന്നതാണ്. സംസ്ഥാനത്ത് ഒരു ട്രാൻസ് ജെൻഡർ പോളിസി കൊണ്ടുവരുന്നതും ട്രാൻസ് ജെൻഡർ ബോർഡ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്. ആരോഗ്യ മന്ത്രാലയവുമായി ആലോചിച്ച് അഗതി മന്ദിരങ്ങളിലെ അന്തേവാസികൾക്ക് സൗജന്യമായി മരുന്ന് നൽകുന്നതിനുള്ള നടപടിയെടുക്കുന്നതോടൊപ്പം 2016 ഫെബ്രുവരി മാസത്തോടെ ഗ്രാന്റ് കുടിശ്ശിക കൊടുത്തുതീർക്കുന്നതുമാണ്. ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതിനും ജാഗ്രതാ സമിതികൾ കൃത്യമായി വിളിച്ചുകൂട്ടുന്നതിനുമായി നിയമനിർമ്മാണം നടത്തുന്നതിനും സഭാസമ്മേളനം കഴിഞ്ഞാലുടൻതന്നെ അത് ഓർഡിനൻസായി കൊണ്ടുവരാനും തീരുമാനിച്ചിട്ടുണ്ട്. ട്രേഡ് സെന്ററോടുകൂടി കൊച്ചിയിൽ ജെൻഡർ പാർക്ക് സ്ഥാപിക്കുന്നതാണ്. സോഷ്യോ സൈക്കോളജിക്കൽ കൗൺസിലേഴ്സിന്റെ വേതനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയതിനുപുറമെ അവരുടെ ജോലി സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ, പേമെന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ മുതലായവ പോസിറ്റീവായി പരിഗണിക്കുന്നതാണ്. 3 സ്ലോട്ടർ ഹൗസുകളുടെയും 10 ക്രിമറ്റോറിയങ്ങളുടെയും പണി പൂർത്തീകരിച്ചിട്ടുണ്ട്. നവംബർ മാസത്തോടുകൂടി

പഞ്ചായത്തുകൾക്ക് മുഴുവൻ തുകയും വിനിയോഗിക്കാൻ കഴിയുന്ന അവസ്ഥയുണ്ടാക്കിയിട്ടുണ്ട്. ഒഡെപെക് തുടങ്ങിയ സ്ഥാപനങ്ങളിലൂടെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠനം നടത്താനോ ജോലി നേടാനോ ഉള്ള സൗകര്യമുണ്ടാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകാൻ സർക്കാർ തയ്യാറാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.13-ന് പിരിഞ്ഞു.

************